SUNDAY 04.02.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/02/2024

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) ന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഗ്രൂപ്പുകളുടെ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന തീയതി ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചു.

2. തെക്കൻ കേരളത്തിലെ കലാസാംസ്കാരിക വിപണനമേളയായ അറുപത്തി ഒന്നാമത് പാലോട് മേളയ്ക്ക് ഫെബ്രുവരി 7 ന് തുടക്കമാകും. വിജ്ഞാനപ്രദമായ സെമിനാറുകൾ, മന്ത്രിമാരും മറ്റുസാമൂഹ്യ, സാംസ്കാരിക, കലാരംഗങ്ങളിലെ പ്രമുഖർപങ്കെടുക്കുന്ന സമ്മേളനങ്ങൾ, വിവിധങ്ങളായ കലാപരിപാടികൾ, കുട്ടികൾക്കായുള്ള ചിത്രരചനാമത്സരങ്ങൾ, സംസ്ഥാനതല കബഡി, വോളിബോൾ ടൂർണമെന്റുകൾ, പുഷ്പ ഫലസസ്യ പ്രദർശനവും വില്പനയും, നൂറിലധികം പ്രദർശന വിപണന സ്റ്റാളുകൾ, അമ്യൂസ്മെന്റ്പാർക്ക്, കന്നുകാലിച്ചന്ത, ഫുഡ്ഫെസ്റ്റ് എന്നിവ മേളയോടനുബന്ധിച്ച് സംഘടിപ്പിക്കുന്നു. ഫെബ്രുവരി 7ന് രാവിലെ 9 മണിയ്ക്ക് സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ.മധു ഉദ്ഘാടനം നിർവഹിക്കും. വൈകിട്ട് അഞ്ചിന് നടക്കുന്ന സമ്മേളനം സൂര്യ കൃഷ്ണമൂർത്തി ഉദ്ഘാടനം ചെയ്യും.

3. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും 16- 02-2024 മുതൽ എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കാർഷികാധിഷ്ഠിത ജില്ലയായ ഇടുക്കിയിൽ ഫലങ്ങളുടെ മൂല്യവർധിത ഉൽപാദനം വഴി ജില്ലയിൽ സുലഭമായി ലഭിക്കുന്ന ചക്ക, മാങ്ങ, പൈനാപ്പിൾ, സ്ട്രോബെറി, പാഷൻ ഫ്രൂട്ട് തുടങ്ങി എല്ലാ പഴവർഗങ്ങളിൽ നിന്നും ഉൽപാദിപ്പിക്കാവുന്ന വിവിധ തരത്തിലുള്ള ഉൽപന്നങ്ങളെക്കുറിച്ചും അവയുടെ പ്രോസസിംഗ് രീതികളെക്കുറിച്ചും 3 ദിവസം നീണ്ടു നിൽക്കുന്ന സാങ്കേതിക ശിൽപശാല ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 6, 7, 8 തീയതികളിൽ ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിൽ വെച്ച് നടത്തപ്പെടുന്നു. ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധർ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. തിരഞ്ഞെടുക്കപ്പെടുന്ന 50 പേർക്കാണ് പങ്കെടുക്കാൻ സാധിക്കുക. രജിസ്റ്റർ ചെയ്യുന്നതിനായി https://www.facebook.com/share/p/JAN7ax3hU82xniMF/?mibextid=K35XfP എന്ന ഗൂഗിൾ ഫോം പൂരിപ്പിച്ചു സമർപ്പിക്കുക.

5. കൊല്ലം ജില്ലയിലെ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റിലേക്ക് കരാർ അടിസ്ഥാനത്തിൽ രണ്ട് വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിനായി വാക്ക്-ഇൻ-ഇന്റർവ്യൂ നടക്കുന്നു. ഫെബ്രുവരി ഏഴിന് രാവിലെ 11 മുതൽ ജില്ലാ മൃഗസംരക്ഷണ ആഫീസിലാണ് അഭിമുഖം നടക്കുക. യോഗ്യത: സർജറിയിൽ എം വി എസ് സി, ക്ലിനിക്കൽ ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി അല്ലെങ്കിൽ പ്രിവൻറിവ് മെഡിസിൻ. യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 04742793464 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലെക്സിൽ എല്ലാ ദിവസവും രാവിലെ 10:30 മണി മുതൽ 12 മണി വരെ മുട്ട ഒന്നിന് 7 രൂപ നിരക്കിൽ വില്പ്പന ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0475 229299.

7. 2024-25 വർഷത്തിൽ പി.എം.എം.എസ്.വൈ. പദ്ധതിയുടെ ഘടകപദ്ധതികളായി ഇടുക്കി ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യം വളർത്തുന്നതിനുള്ള പുതിയ കുളം നിർമ്മാണം (നഴ്സറി/സീഡ് റെയറിംഗ് പോൺസീഡ്), സമ്മിശ്ര മത്സ്യകൃഷി പദ്ധതി, പിന്നാമ്പുറ അലങ്കാര മത്സ്യവിത്ത് ഉത്പാദന കേന്ദ്രം, മീഡിയം സ്കെയിൽ അലങ്കാര മത്സ്യവിത്ത് ഉത്പാദന കേന്ദ്രം, ചെറിയ ആർ.എ.എസ്. യൂണിറ്റ്, പിന്നാമ്പുറ ചെറിയ ആർ.എ.എസ്. യൂണിറ്റ്, മോട്ടോർ സൈക്കിളും ഐസ്ബോക്സും എന്നീ പദ്ധതികൾക്കാണ് അപേക്ഷ ക്ഷണിച്ചത്. താല്പര്യമുള്ള വ്യക്തികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫെബ്രുവരി 5 ന് മുൻപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മത്സ്യകർഷക വികസന ഏജൻസി, പൈനാവ് പി.ഒ., ഇടുക്കിയിൽ നേരിട്ടോ ഇ മെയിൽ വഴിയോ തപാൽ മുഖാന്തിരമോ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ 04862-233226 എന്ന ഫോൺ നമ്പറിലും മത്സ്യഭവൻ ഇടുക്കി, മത്സ്യഭവൻ നെടുങ്കണ്ടം, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം പൈനാവ് ഇടുക്കി എന്നിവിടങ്ങളിലും ലഭ്യമാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ പ്രമോട്ടർമാരിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണ്.

**പരിശീലന പരിപാടി**

8. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഫെബ്രുവരി 5, 6 തീയതികളിൽ **തീറ്റപ്പുൽ കൃഷി** സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893153/9633668644 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കരുതേണ്ടതാണ്.